സമഗ്രവിദ്യാലയ വികസന മാസ്റ്റർ പ്ലാൻ

അക്കാദമികം - ഭൗതികം-സാമൂഹികം

# S.N.V.T.T.I
# KAKKAZHOM







കാലാനുസൃതമായ
മാറ്റത്തിനൊപ്പം
ചുവടുവെയ്ക്കുന്നു

# പ്രതീക്ഷ

അക്കാദമിക്ക് മാസ്റ്റർ പ്ലാൻ

അക്കാദമിക്ക്
മാസ്റ്റർ പ്ലാൻ

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | - എസ്.എൻ.വി.ടി.ടി.ഐ കാക്കാഴം |
| വിലാസം | - വണ്ടാനം പി.ഒ, അമ്പലപ്പുഴ, ആലപ്പുഴ ജില്ല, പിൻ : 688005 |
| ഫോൺ | - 0477-2272621 |
| സ്കൂൾകോഡ് | - 35341 |
| വിദ്യാഭ്യാസ ഉപജില്ല | - അമ്പലപ്പുഴ |
| വിദ്യാഭ്യാസ ജില്ല | - ആലപ്പുഴ |
| റവന്യൂജില്ല | - ആലപ്പുഴ |
| ബി.ആർ.സി | - അമ്പലപ്പുഴ |
| സി.ആർ.സി | - ആലപ്പുഴ |
| ഗ്രാമ പഞ്ചായത്ത് | - അമ്പലപ്പുഴ വടക്ക് ഗ്രാമ പഞ്ചായത്ത് |
| ജില്ലാ പഞ്ചായത്ത് | - ആലപ്പുഴ |
| താലൂക്ക് | - അമ്പലപ്പുഴ |
| വില്ലേജ് | - അമ്പലപ്പുഴ |
| ഇ.മെയിൽ | - 35341alappuzha@gmail.com |

# ആമുഖം

ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ താലൂക്കിൽ അമ്പലപ്പുഴ വടക്കു പഞ്ചായത്തിൽ 1906-ൽ സ്ഥാപിതമായതും 112 വർഷത്തെ പ്രവർത്തന പാരമ്പര്യമുള്ളതുമായ കാക്കാഴം എസ്. എൻ.വി.ടി.ടി.ഐ ഇന്നും മികവിന്റെ പാതയിൽ നിലകൊള്ളുന്നു. പാഠ്യ-പാഠ്യേതര രംഗങ്ങളിൽ മികവു പുലർത്തുന്ന ഈ വിദ്യാലയം ഇന്ന് അക്കാദമിക, ഭൗതിക, സാമൂഹിക മേഖലകളിൽ ഒട്ടേറെ പ്രശ്നങ്ങൾ നേരിടുന്നുണ്ട്. ഓരോ മേഖലയിലുമുള്ള പ്രശ്ന പരിഹാരത്തിനായി അധ്യാപകർ, വിദ്യാർത്ഥി പ്രതിനിധികൾ, പി.ടി.എ, എം.പി.ടി.എ പ്രതിനിധികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾ എന്നിവർ കൂട്ടായി ചർച്ച ചെയ്ത കാര്യങ്ങളാണ് ഈ മാസ്റ്റർ പ്ലാനിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. എല്ലാ കുട്ടികളോടൊപ്പം ഭിന്നശേഷിക്കാരെയും പരിഗണിച്ചുള്ള അക്കാദമിക പ്രവർത്തനങ്ങളാണ് ഞങ്ങൾ ലക്ഷ്യമിടുന്നത്. കമ്പ്യൂട്ടർ വിദ്യാഭ്യാസത്തോടൊപ്പം കല, കായിക, പ്രവൃത്തി പരിചയ മേഖലകളിൽ പ്രാവീണ്യം നേടുന്നതിനുള്ള പരിശീലനവും നൽകുന്നു. നവീകരിച്ച ലൈബ്രറി, ലാബ് സൗകര്യങ്ങളും പ്രയോജനപ്പെടുത്തുന്നുണ്ട്. വിദ്യാർത്ഥി കേന്ദ്രീകൃത പഠന പ്രക്രിയയും നിരന്തരവും സമഗ്രവും ആയ വിലയിരുത്തൽ രീതിയും സ്വീകരിച്ചുകൊണ്ട് സ്കൂളിനെ മികവിന്റെ പാതയിലേയ്ക്ക് നയിക്കാൻ സഹായകമായ മികവുറ്റ പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ശ്രമിക്കുന്നു. സ്കൂൾ എസ്. ആർ. ജി യുടെയും, പി.ടി.എ യുടെ സഹായത്തോടെയും സ്കൂളിന്റെ സമഗ്രവികസനം മുന്നിൽ കണ്ട് അക്കാദമിക, ഭൗതിക, സാമൂഹിക രംഗങ്ങളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും അടങ്ങിയ അക്കാദമിക മാസ്റ്റർ പ്ലാൻ ഇവിടെ ആദരപൂർവ്വം സമർപ്പിക്കുന്നു.

പൊതു ലക്ഷ്യങ്ങൾ

1. മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തി പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പു വരുത്തുക. ,

2. പ്രീ-പ്രൈമറി തലം മുതൽ 12-ാം ക്ലാസ്സ് വരെ ഓരോ ക്ലാസ്സ് അടിസ്ഥാനത്തിലും വിഷയമടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ

3. അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.

4. അദ്ധ്യാപനവും അധ്യയനവും സർഗ്ഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

5. വിദ്യാലയം ഹൈടെക് ആക്കുക.

6. പാഠ-പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താൽപ്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ

7. ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.

8. പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും, പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.

9. ലോകത്ത് എവിടെയും സമാനപ്രായത്തിലുള്ള കുട്ടികൾ ആർജ്ജിച്ചതിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസ്സിലും കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പാക്കുക.

10. പരിസ്ഥിതികാവബോധത്തോടെ ജീവിക്കാനും വരും തലമുറയ്ക്ക് കൈമാറേണ്ട ഭൂമിയിലെ താത്കാലിക വാസികൾ മാത്രമാണ് മനുഷ്യർ എന്ന അവബോധത്തോടെ പരിസ്ഥിതിയെ കാത്തു സൂക്ഷിക്കുവാനും സുസ്ഥിര വികസന കാഴ്ചപ്പാട്

11. കലാ കായിക പ്രവൃത്തി പരിചയ മേഖലയിൽ കുട്ടികളെ പരിശീലിപ്പിക്കുന്നതിന് അതിൽ പ്രാവീണ്യമുള്ള അധ്യാപകരെ നിയമിക്കുക.

12. പോഷക സമൃദ്ധമായ പ്രഭാത ഭക്ഷണം നൽകുക.

13. പ്രാദേശിക വിദഗ്ധരെ ഉപയോഗപ്പെടുത്തി ക്ലാസ്സുകൾ കൈകാര്യം ചെയ്യുക.

14. നാട്ടറിവുകളിലും കൈത്തൊഴിലുകളിലും കുട്ടികളെ പ്രാപ്തരാക്കുക.

15. വിദ്യാലയത്തിലെ മികവ് സമൂഹ മാധ്യമങ്ങളിലേക്ക് നേരിട്ടെത്തിക്കുക.

16. പൊതുവിദ്യാഭ്യാസം പൊതുജന പങ്കാളിത്തത്തോടെ മെച്ചപ്പെടുത്തുക.

17. കുട്ടികളുടെ മാനസിക, ശാരീരിക, ആരോഗ്യം പരിപാലിക്കുന്നതിനാവശ്യമുള്ള സഹായം ലഭ്യമാക്കുക.

18. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് സാമ്പത്തിക സഹായം നൽകുന്ന പദ്ധതി വിപുലീകരിക്കുക.

19. വിദ്യാലയത്തെ അറിവിന്റെയും മികവിന്റെയും കേന്ദ്രമാക്കുക.

20. സ്കൂളിൽ ചരിത്ര മ്യൂസിയം സജ്ജീകരിക്കുക.

21. ഓരോ മാസവും ക്ലാസ്സ് പിടി .എ കൾ വിളിച്ചു കുട്ടി പഠനപ്രവർത്തനങ്ങൾ പരിചയപ്പെടുത്തുക.

22. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് പൊതു വിദ്യാലയം പര്യാപ്തമാണെന്ന് സമൂഹത്തെ ബോധ്യപ്പെടുത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുക.

23. പച്ചക്കറിത്തോട്ടം, ഔഷധത്തോട്ടം എന്നിവ കൂടുതൽ മെച്ചപ്പെടുത്തുക. എല്ലാ പ്രവർത്തനങ്ങളും എസ് ആർ ജി യിൽ ചർച്ച ചെയ്ത് പങ്കാളിത്തത്തോടെ നടപ്പിലാക്കുക.

24. അധ്യാപകരെ റിസോഴ്സ്ഫുൾ ആക്കുന്നതിനുള്ള പരിശീലനങ്ങൾ നൽകുക.

25. പഠനത്തിനും മാനസികോല്ലാസത്തിനും സഹായകരമായ പഠനയാത്രകൾ, ഫീൽഡ് ട്രിപ്പുകൾ എന്നിവ നടത്തുക.

26. സ്കൂളും പരിസരവും ആകർഷകവും ശിശുസൗഹൃദവും ആക്കുക.

27. പെൺകുട്ടികൾക്കാവശ്യമായ ആധുനിക സൗകര്യങ്ങളോട് കൂടിയ കൂടുതൽ ടോയ്ലററ് ബ്ലോക്കുകൾ നിർമ്മിക്കുക.

28. അംഗപരിമിതരായ കുട്ടികൾക്ക് വേണ്ടി പ്രത്യേക ക്ലാസ്മുറികൾ നിർമ്മിക്കുക

29. പ്രീ പ്രൈമറി ക്ലാസ് മുറികൾ ആകർഷകമാക്കുക

# മലയാളം

## അക്കാദമിക മാസ്റ്റർ പ്ലാൻ -

Class - I

2025-26



# ആമുഖം

ഒന്നാം ക്ലാസിലെ പാഠപുസ്തകം 2024-25 വർഷം പരിഷ്കരിക്കുകയും ഒന്നാം വർഷത്തെ വിനിയോഗാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പുതിയ പാഠപുസ്തകങ്ങളുടെ ഭാഗമായി നടപ്പിലാക്കിയ സംയുക്തഡയറി, രചനോത്സവം, പാട്ടരങ്ങ് വായനോത്സവം എന്നിവയ്ക്ക് നല്ല സ്വീകാര്യതയാണ് ലഭിച്ചത്. ഒന്നാം ക്ലാസിലെ കുട്ടികൾ സ്വതന്ത്രവായനക്കാരായിത്തീരുകയും പരസഹായമില്ലാതെ തങ്ങളുടെ ആശയങ്ങൾ എഴുതിപ്രകടിപ്പിക്കാൻ കഴിവുള്ളവരായിത്തീരുകയും വിജയകരമായിരുന്ന വർഷാവസാനം നടത്തിയ പഠനോത്സവം കുട്ടികളുടെ നിലവാരവും വേണ്ട പിന്തുണയും പരിഗണിച്ചും ഭേദഗതികൾ ആവശ്യമാണ്. നിരന്തര വിലയിരുത്തലിന്റെ അന്തസത്തയോട് നീതിപുലർത്തുന്നതിനായി ഈ വർഷം വാർഷികലക്ഷ്യങ്ങൾ തീരുമാനിച്ചശേഷം പ്രതിമാസ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും തയ്യാറാക്കുന്ന രീതിയാണ് അവലംബിക്കുന്നത്. ഓരോ മാസവും ക്ലാസ്സിൽ PTA യിൽ ചർച്ച ചെയ്യുന്നതിനും ഇത് സഹായകമാണ്.

## വാർഷികലക്ഷ്യങ്ങൾ

ചെറുസദസ്സിനു മുമ്പാകെ സങ്കോചമില്ലാതെ തന്റെ അനുഭവങ്ങൾ, ആശയങ്ങൾ, ആവശ്യങ്ങൾ, തനിക്കറിയാവുന്ന കഥകൾ, പാട്ടുകൾ, എന്നിവ വാചികമായി പങ്കിടുന്നതിന് കഴിവ് നേടുക.

ഓരോ കുട്ടിയും വായിച്ചുമനസ്സിലാക്കിയ കാര്യങ്ങൾ എഴുതിയും പറഞ്ഞും മറ്റുള്ളവരുമായി പങ്കിടുവാനുള്ള കഴിവ് നേടുന്നു.

ഓരോ കുട്ടിയും സദസ്സിനുമുമ്പാകെ നിശ്ചിത കാര്യങ്ങൾ ആശയവ്യക്തതയോടെ അവതരിപ്പിക്കുന്നതിനുള്ള കഴിവ് നേടുക

ഓരോ കുട്ടിയും സ്വന്തം ആശയങ്ങൾ, വരി, വിവരണം, സംഭാഷണം
മറ്റ് രൂപങ്ങളിലെഴുതി പ്രകടിപ്പിക്കാനുള്ള കഴിവ് നേടുക.
ഓരോ കുട്ടിയും സർഗാത്മക രചനകൾ പുസ്തക രൂപത്തിൽ പ്രസി
ദ്ധീകരിക്കുക.
ഓരോ കുട്ടിയുടെയും തിരഞ്ഞെടുത്ത രചനകൾ പ്രദർശിപ്പിക്കുക.
ഓരോ കുട്ടിയുടെയും പഠനനേട്ടങ്ങൾ കൊടുത്തിട്ടുള്ള അടിസ്ഥാനമായി രൂപ
പ്പെടുത്തുന്നു. വർഷത്തിലെ ലക്ഷ്യങ്ങളിലേക്ക് നയിക്കുന്നതിന് പ്രതിമാസ
ലക്ഷ്യങ്ങൾ അനിവാര്യമാണെന്ന് ആമുഖത്തിൽ സൂചിപ്പിച്ചിട്ടുണ്ട്.
ഓരോ മാസവും ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും രൂപപ്പെടുത്തുന്ന
രീതിയാണ് പിന്തുടരുന്നത്.

## ജൂൺ

പൂർണ്ണ പങ്കാളിത്ത ക്ലാസ് പി.ടി.എ

വായനോത്സവവും കഥാമേളയും

ഒന്നൊരുക്കം (സന്നദ്ധതാ പ്രവർത്തനങ്ങൾ)

വായനാക്കാർഡുകൾ.

സംഘ വിലയിരുത്തൽ.

## ജൂലൈ

ടീച്ചർ പുസ്തകങ്ങൾ (കഥ) ഭാവാത്മകമായി വായിച്ചു കേൾപ്പിക്കുന്ന
വീട്ടുവായന, രക്ഷിതാക്കൾ, പുസ്തകങ്ങൾ, വായിച്ചുകേൾപ്പിക്കുന്ന.
കേട്ടകഥയിലെ ആശയത്തെ ചിത്രീകരിക്കുന്നു.
ക്ലാസ് ലൈബ്രറി ശക്തമാക്കുന്നു.
കഥാശില്പശാല
ചിത്രകാർഡുകൾ, വായനകൾ, നിർമ്മാണശില്പശാല ഡിജിറ്റൽ സാധ്യത
കളിലൂടെ കഥ കാണാനും, കേൾക്കാനും, പുനരവതരണത്തിനുള്ള
സാധ്യതകൾ ഒരുക്കൽ.

# ആഗസ്റ്റ്

തിയേറ്റർ സാധ്യതകൾ, വായനാക്കളികൾ, ചിത്രവായനയുപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കൽ.

കഥയുടെ പുനരവതരണം, വ്യത്യസ്ത വ്യവഹാര രൂപങ്ങളിലൂടെയും പോസ്റ്ററുകളിലൂടെ സഹായങ്ങളോടെയും അവതരിപ്പിക്കാൻ അവസരം.

# Academic Master Plan.

2025-26

## Class - I

# ENGLISH

# Introduction

The goal is for the first grader to handle English fluently. The first grader must go from small word to big word: must be able to read, write and speak English with it. We have to keep our hearts. The Acadamic Masterplan is designed to ensure that not a single child, goes to all type of students

# Aim- Objectives, Learning Out Comes

→ Simple Words to Make Sure these is the children.

→ Respond to simple instructions in the class room.

Eg- May I Come in teacher

May I drink water.

→ Familiarise with words identifies

→ Enjoy songs and sings them with rhythm and action

→ Familiarises the names of vehicles and identifies them from pictures

→ To speak, Read and Write English Without any mistakes

# Action Plan Activities

## June

- → Letter Cards Introduction
- → Then Simple words Introducing
- → Provide Picture Card.
- → Gives Picture card.
- → Name attendence chart.
- → Pictures of Apple, Ant, Umbrella.

## July

- → Says Familiarise words
- → Writing Familiarise Words
- → Reading Familiarise words.

## August

- → Enjoys Songs and Sings them with Rhythmatic Action
- → Describes Orally about Picture and objects Using adjectives
- → (colours, Shape, Small, big etc)

# Academic Master Plan.

2025-26




# MATHS:

Class-I

## ആമുഖം

ഒന്നാം ക്ലാസിൽ നിന്നുമാണ് ഗണിതപ്രവർത്തനങ്ങൾ ശാസ്ത്രീയമായി കുട്ടി നേടിയെടുക്കേണ്ടതാണ്. ജീവിതത്തിൽ ഓരോ വ്യക്തിക്കും ഒഴിച്ചുകൂടാനാവാത്ത ഒന്നാണ് ഗണിതം. ഗണിതം പാട്ടിലൂടെയും കളികളിലൂടെയും ആസ്വാദകരമാക്കാവുന്നതാണ്. പല തരത്തിൽ ഗണിതാശയങ്ങൾ നേടിയെടുക്കാൻ സാധ്യമാകുന്ന തരത്തിൽ തന്നെയാണ് അദ്ധ്യാപിക ക്ലാസ്സിൽ അവതരിപ്പിക്കുന്നത്

## ലക്ഷ്യങ്ങൾ

1 മുതൽ 5 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.

1 മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു

1 മുതൽ 20 വരെയുള്ള സംഖ്യകൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു

രണ്ട് ഒറ്റസംഖ്യകളുടെ സങ്കലനം, വ്യവകലനം.

ഒറ്റസംഖ്യയുടെ വ്യത്യാസം

ഒറ്റസംഖ്യ ഉൾപ്പെടുന്ന (1-20) ലളിതമായ ഗണിതപ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

## പ്രവർത്തനങ്ങൾ

### ജൂൺ

ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനം.

അക്കങ്ങളെ തിരിച്ചറിയുന്നതിനും വരയ്ക്കുന്നതിനുമുള്ള കഴിവ് നേടുന്നതിനുള്ള പ്രവർത്തനം.

വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ, കൂടുതൽ, കുറവ് തിരിച്ചറിയൽ.

## ഉദ്ദേശ്യം

ഗണിത കിറ്റിലെ വസ്തുക്കൾ ഉപയോഗിച്ച് ഗണിതപ്രവർത്തനങ്ങളിൽ ഏർപ്പെടൽ

സംഖ്യാഗണനങ്ങൾ ആസ്വദിക്കൽ

ഒറ്റ സംഖ്യകൾ തമ്മിൽ സങ്കലനക്രിയകൾ നടത്തൽ.

## ആശയം

ഒറ്റസംഖ്യകൾ തമ്മിൽ വ്യവകലനക്രിയകളിൽ ഏർപ്പെടൽ

ഗണിതകിറ്റിലെ വസ്തുക്കൾ ഉപയോഗിച്ച് ഗണിതക്രിയകളിൽ ഏർപ്പെടൽ

ഒന്നിനോടൊന്ന് കൂടിയാൽ മറ്റൊരുസംഖ്യ കിട്ടുമെന്ന തിരിച്ചറിവ്'

# അക്കാദമിക മാസ്റ്റർ പ്ലാൻ

STD. 2

എസ്. എൻ. വി. ടി. ടി. ഐ കാക്കാഴം

2025 - 26

ഗണിതം.

## ഗണിതപഠനം

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമഗ്രികൾ |
|---|---|---|---|---|
| വിവിധതരം കളികൾ | ഗണിതപഠനം രസകരമാക്കൽ (കുട്ടികളെ ഉഷാറാക്കൽ) | വർഷം മുഴുവൻ | SRG, ക്ലാസ് ടീച്ചർ | |
| ദിനാചരണങ്ങളിലൂടെ പഠനം | ഗണിതശാസ്ത്ര പഠനം രസകരമാക്കൽ, കാര്യക്ഷമ ശേഷി വികാസം | വർഷത്തിൽ ഒരിക്കൽ | ക്ലാസ് ടീച്ചർ | |
| ഗണിത കിറ്റ് | ഗണിതപഠനം സുതാര്യമാക്കൽ, ഗണിതകിറ്റ് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM, SRG ടീച്ചർ | |
| ഗണിതച്ചുമർ | ഗണിത രൂപങ്ങളുടെ പ്രായോഗിക ആശയം തിരിച്ചറിയൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| ഗണിത പഠനോപകരണ ശില്പശാല | പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ | ആവശ്യാനുസരണം | SRG, ക്ലാസ് ടീച്ചർ. | |
| ഗണിതമേള | ഗണിതശേഷികളുടെ പ്രകടനം | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ | |
| | | | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

STD.2

എസ്. എൻ. വി. ടി. ടി. ഐ കാക്കാഴം

2025-26

# പരിസരപഠനം

അറിയാം അടുത്തറിയാം (പരിസരപഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതിനടത്തം | നിരീക്ഷണം - അറിവ് നിർമ്മാണം | ആവശ്യാനുസരണം | CPTA, HM | |
| ശാസ്ത്രമേള | ശാസ്ത്രപഠനം ലളിതവും രസകരവുമാക്കാൻ | വർഷം മുഴുവൻ | HM, SRG ടീച്ചർ | SSA, PTA |
| ശാസ്ത്രയാത്ര | ശാസ്ത്രപഠനത്തിൽ താൽപര്യം ജനിപ്പിക്കാൻ - അന്വേഷണത്വര വളർത്താൻ | ആവശ്യാനുസരണം | HM, SRG, CPTA, Teacher | |
| ഭൂപടമൊരുക്കാം | ഭൂപടവായന, ഭൂപടരചന, സൂചിക | വർഷത്തിൽ ഒന്ന് | SRG, ക്ലാസ് ടീച്ചർ | |
| രുചിച്ചറിയാം | നമ്മുടെ നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടാൻ | വർഷത്തിൽ ഒന്ന് | SRG, ക്ലാസ് ടീച്ചർ CPTA | |
| | | | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## STD. 2

എസ്. എൻ. വി. ടി. ടി. ഐ കാക്കാഴം

2025 - 26.

# മലയാളം

## മധുരം മലയാളം (ഭാഷാ പഠനം)

| പ്രവർത്തനം | ലക്ഷ്യം | ചുമതലകൾ | കാലം | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാ പരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | ഭാഷാ പരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം നൽകി മുന്നോട്ട് കൊണ്ടുവരൽ | SRG, ക്ലാസ് ടീച്ചർ | ലക്ഷ്യം നേടുന്നതുവരെ | PTA ഫണ്ട് |
| ആവശ്യമായ പഠന സാമഗ്രികൾ ഒരുക്കൽ | പഠനം എളുപ്പമാക്കുക | HM, SRG ക്ലാസ് ടീച്ചർ | വർഷം മുഴുവൻ | |
| വായിക്കാം വളരാം | വായനാശേഷി വളർത്തൽ | HM, SRG ക്ലാസ് ടീച്ചർ | വർഷം മുഴുവൻ | |
| ക്ലാസ് വായന, ക്ലാസ് - ലൈബ്രറി ഒരുക്കൽ - പുസ്തക പരിചയം | വായനാശീലം - വളർത്തുക, ലൈബ്രറി ഉപയോഗപ്പെടുത്തുക | HM, SRG ക്ലാസ് ടീച്ചർ | വർഷം മുഴുവൻ | |
| എഴുതാം ഒന്നിച്ചിയാം | എഴുത്ത് പരിപോഷിപ്പിക്കൽ | SRG, ക്ലാസ് ടീച്ചർ | വർഷം മുഴുവൻ | |
| പാഠഭാഗത്തു നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ എഴുത്തിലൂടെ പ്രകടിപ്പിക്കൽ | സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയുവാനും എഴുതാനും കഴിയുന്ന സ്വതന്ത്ര രചന നടത്താനുള്ള ശേഷി നേടുന്ന | ക്ലാസ് ടീച്ചർ, രക്ഷിതാവ് | ജൂൺ - മാർച്ച്. | |
| എഴുത്തുകാരുമായി സംവദിക്കൽ | ലേഖന ശേഷി - വർദ്ധിപ്പിക്കൽ, സാഹിത്യകാരന്മാരെ അടുത്തറിയൽ | ക്ലാസ് ടീച്ചർ | ആവശ്യാനുസരണം. | |
| കണ്ടറിയാം കേട്ടറിയാം | അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | ക്ലാസ് ടീച്ചർ | ആവശ്യാനുസരണം | |
| രുചി ചുറിയാം | നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | SRG, ക്ലാസ് ടീച്ചർ PTA | വർഷത്തിൽ ഒന്ന്. | |

അക്കാദമിക മാസ്റ്റർ പ്ലാൻ

STD. 2

എസ്. എൻ. വി. ടി. ടി. ഐ. കാക്കാഴം

2025-26

ENGLISH

## ഇംഗ്ലീഷ് ഭാഷാപഠനം

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തിക |
|---|---|---|---|---|
| ഇംഗ്ലീഷ് | ഇംഗ്ലീഷ് | ആഴ്ചയിൽ | ക്ലാസ് ടീച്ചർ | |
| അസംബ്ലി | ഫലപ്രദമായി വായിക്കാനും സംസാരിക്കാനും, എഴുതാനു ശേഷി വർദ്ധിപ്പിക്കുന്ന | രണ്ടു ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് തിയേറ്റർ | സർഗാത്മകത പരിപോഷിപ്പിക്കണം | മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് മാഗസിൻ | സർഗാത്മകത, രചനാശേഷി വികസനം | മൂന്ന് മാസം കൂടുമ്പോൾ | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് കോർണർ | വായനാ പരിപോഷണം | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് ഫെസ്റ്റ് | നന്നായി ഇംഗ്ലീഷ് പറയുവാനും, എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കാൻ (ഇംഗ്ലീഷ് ഭാഷ) [illegible] -ത് പാഠഭാഗം കഴിയുന്നതിലൂടെ ആത്മവിശ്വാസം ഉണ്ടാക്കും | വർഷത്തിൽ ഒന്ന് (അവധിക്കാലത്ത്) | SMC ക്ലാസ് ടീച്ചർ | |
| | | | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ്സ് - 3

# ACADEMIC MASTER PLAN

## മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **വായന** | പ്രീ ടെസ്റ്റ് | ജൂൺ | അധ്യാപകൻ | പി.ടി.എ |
| മലയാളം തെറ്റുകൂടാതെയും അക്ഷരസ്ഫുടതയോടും അനായാസവായിക്കാൻ. | 1. ക്ലാസ് ലൈബ്രറി വികസനം | അധ്യയനവർഷം മുഴുവൻ | സി.പി.ടി.എ | സി.പി.ടി.എ |
| | ക്ലാസ് ലൈബ്രറി ആകർഷകമാക്കൽ. | ജൂൺ | അധ്യാപകൻ | അധ്യാപകൻ |
| | അമ്മ വായന<br>അമ്മമാരുടെ വായനാക്കുറിപ്പുകൾ പി.ടി.എ കളിൽ അവതരിപ്പിക്കുന്നു. | അധ്യയന വർഷം മുഴുവൻ. | സി.പി.ടി.എ | ഇല്ല. |
| | വായനാ കാർഡുകൾ തയ്യാറാക്കുന്നു. | ജൂൺ-ജൂലൈ | അധ്യാപകൻ | സി.പി.ടി.എ |
| **ലേഖനം** | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിവിധ വ്യവഹാര രൂപങ്ങളിൽ രചനകൾ നടത്തുക. | ജൂൺ | അധ്യാപകൻ | സി.പി.ടി.എ |
| വിവിധ വ്യവഹാര രൂപങ്ങൾ അനായാസം എഴുതുവാനുള്ള ശേഷി വികസിപ്പിക്കുക. | ജൂൺ 5 പരിസ്ഥിതി ദിനം പോസ്റ്റർ<br>ജൂൺ 19 വായനാദിനം, വായനാവാരം. | ജൂൺ | | |
| അക്ഷരം തെറ്റാതെ എഴുതുവാനുള്ള ശേഷി കൈവരിക്കൽ | ആഗസ്റ്റ്-6 ഹിരോഷിമ ദിനം പോസ്റ്റർ<br>ആഗസ്റ്റ്-9 നാഗസാക്കി ദിനം. പോസ്റ്റർ<br>ആഗസ്റ്റ്-15 സ്വാതന്ത്ര്യദിനം. | ആഗസ്റ്റ് | | |
| വിവിധ ഭാഷാവ്യവഹാരങ്ങൾ രചന നടത്താനുള്ള ശേഷി കൈവരിക്കൽ. | സെപ്റ്റംബർ 5 അധ്യാപകദിനം പഴയകാല അധ്യാപകരുമായി അഭിമുഖം. | സെപ്റ്റംബർ. | | |

| | | | | |
|---|---|---|---|---|
| | ഒക്ടോബർ-2 ഗാന്ധിജയന്തി ക്വിസ് തയ്യാറാക്കൽ | ഒക്ടോബർ | | |
| | ഒക്ടോബർ-10 ദേശീയ തപാൽ ദിനം. കൂട്ടുകാരനൊരു കത്ത്. | ഒക്ടോബർ | | |
| | നവംബർ-1 കേരളപ്പിറവി പ്രസംഗം | | | |
| | നവംബർ 14 ശിശുദിനം. | നവംബർ | | |
| സർഗാത്മകത | കുട്ടികൾ തയ്യാറാക്കിയ വിവിധ വ്യവഹാരരൂപങ്ങൾ അവതരിപ്പിക്കൽ. വേദി - സി.പി.ടി.എ | അധ്യയന വർഷം മുഴുവൻ. | സി.പി.ടി.എ | ഇല്ല. |
| | | | | |

2025-2026.

# ACADEMIC MASTERPLAN

## English

| Aims | Activities | Duration | Charge | Economic source |
|---|---|---|---|---|
| To study alphabets. | * Pre-test<br>* Write simple words | June - July. | Teacher, students. | PTA. |
| To study, write and read simple words | Circle the word from TB and read. | August - September. | Teacher, students. | Nil. |
| create more opportunities for English speaking in the classroom. | Classroom communications should be in English, like * May I drink some water? * May I go to bathroom.<br>* Hello<br>* Good morning.<br>* How are you all?.<br>* Are you happy today?.<br>* Let me take the attendance?.<br>* Have you had your food?.<br>* Are you ready for today's class?. | Academic year. | Teacher, students, parents. | Nil. |

# ACADEMIC MASTER PLAN

## ഗണിതം.

| ലക്ഷ്യം. | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ചതുരം, വൃത്തം | പ്രീ ടെസ്റ്റ് | ജൂൺ | അധ്യാപകർ | പി.ടി.എ. |
| ത്രികോണം എന്നീ രൂപങ്ങളെക്കുറിച്ചുള്ള ധാരണ നൽകുന്നു. | ഈർക്കിലുകൾ, കമ്പുകൾ, വള എന്നിവ ഉപയോഗിച്ച് ചതുരം, ത്രികോണം, വൃത്തം എന്നിവ നിർമ്മിക്കുന്നു. | ജൂൺ ജൂലൈ | അധ്യാപകർ സി.പി.ടി.എ | ഇല്ല. |
| 999 വരെയുള്ള സംഖ്യകളെ വ്യത്യസ്തരീതിയിൽ വ്യാഖ്യാനിക്കുന്നു | സംഖ്യാ ചാർട്ടുകൾ.<br>• നാണയങ്ങൾ, കളിനോട്ടുകൾ<br>• ചാർട്ടുകൾ (ഗണിത ക്ലബ്ബ്) | ആഗസ്റ്റ്.<br>ആഗസ്റ്റ് | അധ്യാപകർ<br>അധ്യാപകർ കുട്ടികൾ. | ഇല്ല.<br>സി.പി.ടി.എ |
| എല്ലാ കുട്ടികളിലും സംഖ്യാബോധം ഉണ്ടാക്കുക. | വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ | സെപ്റ്റംബർ | അധ്യാപകർ കുട്ടികൾ | ഇല്ല. |
| സങ്കലന- വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക. | • മന: കണക്കുകൾ<br>• നിത്യ ജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ. | ഒക്ടോബർ നവംബർ | അധ്യാപകർ കുട്ടികൾ | ഇല്ല. |
| ഗുണന വസ്തുതകൾ നേടൽ | മന: കണക്കുകൾ<br>മഞ്ചാടിക്കളി | ഡിസംബർ ജനുവരി | അധ്യാപകർ കുട്ടികൾ സി.പി.ടി.എ | ഇല്ല. |

| | | | | |
|---|---|---|---|---|
| ഹരണക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ. | • നിത്യജീവിതവുമായി ബന്ധപ്പെട്ട (പ്ര)വർത്തനങ്ങൾ.<br>• ഐ. സി. ടി വിഭവങ്ങൾ ഉപയോഗിച്ചു. | ചോദ്യാവലി ചർച്ച. | അധ്യാപകൻ കുട്ടികൾ | ഇല്ല. |
| | | | | |

## അക്കാദമിക മാസ്റ്റർപ്ലാൻ ക്ലാസ് 3 2025-2026

## പരിസരപഠനം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നമ്മുടെ ചുറ്റുപാടിനെ കുറിച്ച് കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കുക, ജൈവ വൈവിധ്യ ഉദ്യാന സംരക്ഷണം. | സസ്യങ്ങളെ തരംതിരിക്കൽ<br>പ്രകൃതി നടത്തം- (പാടം, വിദ്യാലയത്തിലെ ജൈവ വൈവിധ്യ ഉദ്യാനം). | ജൂൺ, ജൂലൈ | അധ്യാപകർ | ഇല്ല. |
| പ്രകൃതി സംരക്ഷണം. | * മണ്ണ്, ജലം, വായു എന്നിവ സംരക്ഷിക്കുന്നതിനാവശ്യമായ പോസ്റ്ററുകൾ സ്ഥാപിക്കൽ<br>* മഴക്കുഴി നിർമ്മാണം.<br>* വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിതകർമസേനക്ക് കൈമാറൽ. | ആഗസ്റ്റ് - സെപ്തംബർ | അധ്യാപകർ<br>പിടിഎ<br>ഹരിതകർമസേന | പിടിഎ |
| വ്യക്തി ശുചിത്വം | * കൈ കഴുകൽ- പരിശീലനം.<br>* പോസ്റ്റർ നിർമ്മാണം<br>ശുചിത്വ സന്ദേശങ്ങൾ വിദ്യാലയത്തിലെ വിവിധ ഇടങ്ങളിൽ പതിക്കൽ. | സെപ്തംബർ - ഒക്ടോബർ. | അധ്യാപകർ<br>കുട്ടികൾ | ഇല്ല. |

ജൂൺ: 1 പരിസരപഠനം Std: IV

## ജീവികളും ചുറ്റുപാടും

ICT, ചിത്രങ്ങൾ എന്നിവയുടെ സഹായത്തോടെ ജീവികളുടെ വാസസ്ഥലങ്ങൾ നിരീക്ഷിച്ചു. അവ വ്യത്യസ്തമാണെന്ന് മനസ്സിലാക്കുന്ന നിരീക്ഷണ കുറിപ്പ് തയ്യാറാക്കി. വീഡിയോ കാണുകയും കരയിൽ ജീവിക്കുന്നവ/ ജലത്തിൽ ജീവിക്കുന്നവ/ കരയിലും ജലത്തിലും ജീവിക്കുന്നവ എന്നിങ്ങനെ ജീവികളെ വർഗീകരിച്ചെഴുതി. മത്സ്യത്തിന്റെ വീഡിയോ കാണിച്ച് അവയുടെ അനുകൂലനങ്ങൾ വ്യക്തമാക്കി എഴുതി. കൂടാതെ തവള, താറാവ്, ആമ തുടങ്ങിയവയുടെ [illegible] ചർച്ചയിലൂടെ കണ്ടെത്തി. ജീവീയഘടകങ്ങളും അജീവീയഘടകങ്ങളും തമ്മിലുള്ള പരസ്പരാശ്രയത്വം ICT സാധ്യതയിലൂടെ മനസ്സിലാക്കി, കുറിപ്പ് തയ്യാറാക്കി. ജലത്തിൽ ജീവിക്കുന്ന ചില ജീവികളുടെ ചിത്രം നൽകി പദസൂര്യൻ പൂർത്തിയാക്കി. ആവാസവ്യവസ്ഥ, മത്സ്യം, താറാവ്, തവള എന്നിവയുടെ ചിത്രങ്ങളോടുകൂടി [illegible] വരച്ചു.

തുടർന്നുള്ള രണ്ടാഴ്ച പ്രകൃതിദുരന്തങ്ങളെ കുറിച്ചും, പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യത്തെ കുറിച്ചുമുള്ള അവബോധം ഉണ്ടാക്കിയെടുക്കുന്ന പ്രവർത്തനങ്ങളാണ് ചെയ്യേണ്ടത്. കൂടാതെ പരിസരത്തുള്ള 5 വീടുകൾ സന്ദർശിച്ച് വിവരണ ശേഖരണ ഫോർമാറ്റ് പൂർത്തിയാക്കുകയും, മാലിന്യനിർമാർജനം, പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കൽ എന്നിവയെ കുറിച്ചുള്ള അവബോധം ഉണ്ടാക്കിയെടുക്കേണ്ടതും ആവശ്യമാണ്. രണ്ട് വർക്ക്ഷീറ്റ് പൂർത്തിയാക്കേണ്ടതുണ്ട്.

ജൂൺ 5. പരിസ്ഥിതിദിനം ക്ലാസ്സിൽ ആചരിച്ചു. പരിസ്ഥിതിദിന പോസ്റ്റർ, പരിസ്ഥിതിദിന ക്വിസ് എന്നിവ നടത്തി.

മലയാളം Std: IV

യൂണിറ്റ്: 1

## ചിറകുവിരിച്ച്

വീഡിയോ കാണിച്ച് പ്രകൃതിവർണനാപാഠം വ്യക്തിഗതമായി എഴുതി. ചിറകുകളാണ്, മുന്തിരിച്ചി, സൈക്കിളുചവിട്ടാൻ എന്നീ കുട്ടിക്കവിതകൾ വ്യക്തിഗതമായും കൂട്ടമായും ചൊല്ലി അവതരിപ്പിച്ചു. ഓഡിയോ കേൾപ്പിച്ച് വ്യത്യസ്ത ഈണങ്ങൾ മനസ്സിലാക്കി. പക്ഷി, പ്രകൃതിഭംഗി ഇവയുടെ ചിത്രരചന നടത്തി. ICT സാധ്യത ഉപയോഗിച്ച് മഞ്ഞാടകളും കരിയിലയും എന്ന കഥയുടെ ദൃശ്യങ്ങൾ കാണിക്കുകയും കവിതകൾ ചൊല്ലിക്കുകയും അത് ബുക്കിൽ എഴുതുകയും ചെയ്തു. മുന്തിരിച്ചി, സൈക്കിളുചവിട്ടാൻ എന്നീ കവിതകളുടെ വരികൾ കൂട്ടിച്ചേർത്തു. കൂട്ടുകാരോടൊപ്പം ഭൂമിയിലേക്കിറങ്ങിയ ചന്ദ്രൻ കണ്ട കാഴ്ചകളുടെ വർണന വ്യക്തിഗതമായി എഴുതി.

അത്ഭുതമൊഴിച്ച ഹലോ, ഉറക്കെപ്പാട്ട്, അരികെ അകലെ, നീലഗിരിയുടെ റാണി എന്ന യാത്രാവിവരണമാണ് (കവിത) പഠിക്കേണ്ടത്. യാത്രകൾ ICT സഹായത്തോടെ കാണിക്കുകയും വിവരണം തയ്യാറാക്കുകയും ചെയ്യേണ്ടതുണ്ട്.

ജൂൺ 19 വായനാദിനവുമായി ബന്ധപ്പെട്ട്, വായനാമത്സരം, കയ്യെഴുത്ത്, പോസ്റ്റർ, വായനാദിനക്വിസ്, ചിത്രരചന എന്നിവ നടത്തി. ക്ലാസ്സിലെ എല്ലാ കുട്ടികൾക്കും ലൈബ്രറി പുസ്തക വിതരണം നടത്തി.

മലയാളത്തിന് പ്രീടെസ്റ്റ് നടത്തി.

വായനയിലും ലേഖനത്തിലും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി. ഗ്രൂപ്പായി തിരിച്ച് വായനയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ ഇവരെ പഠിപ്പിക്കാനായി ചുമതലപ്പെടുത്തി. ജൂലൈ മുതൽ 'കുട്ടിടീച്ചർ' പദ്ധതി തുടങ്ങാൻ തീരുമാനിച്ചു.

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

## നാലാം ക്ലാസ്സ് · മലയാളം ·

**ലക്ഷ്യം:-** നാലാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് ഭാഷയിൽ സമഗ്രവും ആസ്വാദ്യകരവുമായ പഠനം ഉറപ്പാക്കുക. ഓരോ കുട്ടിയുടേയും വ്യക്തിപരമായ കഴിവുകൾ തിരിച്ചറിഞ്ഞ് അവ പരിപോഷിപ്പിക്കുക.

**പൊതു തത്വങ്ങൾ:-**

* കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയുമുള്ള പഠനം
* സർഗാത്മകതയ്ക്കും സ്വയം പഠനത്തിനും പ്രാധാന്യം
* സാമൂഹികവും പാരിസ്ഥിതികവുമായ അവബോധം വളർത്തൽ.
* സാങ്കേതികവിദ്യയുടെ ഫലപ്രദമായ ഉപയോഗം.
* കുടുംബത്തിന്റേയും സമൂഹത്തിന്റേയും പങ്കാളിത്തം ഉറപ്പാക്കുക.

## മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകപരിശീലനം നൽകി മുന്നോട്ട് കൊണ്ടുവരൽ. | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ലക്ഷ്യം നേടുന്നതുവരെ (ജൂൺ മുതൽ ജനുവരി വരെ) | SRG ക്ലാസ്സ് ടീച്ചർ | PTA ഫണ്ട്. |
| വായിക്കാം വളരാം. | | | | |
| വായനാശേഷി വളർത്തൽ | ക്ലാസ്സ് വായനക്കൂട്ടം<br>ക്ലാസ്സ് ലൈബ്രറി ഒരുക്കൽ<br>പുസ്തകപരിചയം<br>രചനാപരിചയ കുറിപ്പ്<br>ആസ്വാദന കുറിപ്പ്<br>പുസ്തക സംവാദം<br>ആനുകാലികവായന | വർഷം മുഴുവൻ (ജൂൺ മുതൽ ഫെബ്രുവരി വരെ) | SRG<br>Class Teacher<br>CPTA. | PTA. |
| എഴുതാം തെളിയാം.<br>എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽനിന്നും നേടിയ ശേഷികൾ എഴുത്തിലൂടെ പ്രകടിപ്പിക്കൽ | വർഷം മുഴുവനും. ജൂൺ മുതൽ ഫെബ്രുവരി വരെ. | SRG ക്ലാസ്സ് ടീച്ചർ. | PTA. |
| എഴുത്തുകാരുമായി സംവദിക്കൽ<br>ലേഖനശേഷി വർധിപ്പിക്കാൻ എഴുത്തുകാരെ അടുത്തറിയാൻ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം. (ഒക്ടോബർ നവംബർ) | ക്ലാസ്സ് ടീച്ചർ. | |

| ലക്ഷ്യം | മേഖലകൾ<br>പ്രവർത്തനം | കാലയളവ് | ചുമതല | സഹായിക്കാൻ |
|---|---|---|---|---|
| അറിവ് ഡോക്യുമെന്റേഷനിലൂടെ ഏറ്റെടുക്കൽ (ICT) | പാരമ്പര്യവുമായി ബന്ധപ്പെട്ട വീഡിയോ, ഓഡിയോ സമാഹരിക്കൽ പ്രദർശിപ്പിക്കൽ | അധ്യയനവർഷം (ജൂൺ മുതൽ മാർച്ച് വരെ) | ക്ലാസ്സ് ടീച്ചർ | PTA |
| കൃഷിയെക്കുറിച്ചുള്ള നമ്മുടെ പ്രാചീന നാട്ടറിവുകൾ കൃഷിയെക്കുറിച്ച് | പഴമയെക്കുറിച്ചുള്ള അറിവ് പതിപ്പ് നിർമ്മാണം. ക്ലാസ്സ് ലൈബ്രറിയിലേക്ക് | വർഷത്തിലൊന്ന്. (നവംബർ) | SRG<br>CPTA | |
| ഓർമ്മ നിലനിർത്താൻ. (സാഹിത്യകാരന്മാർ) സാഹിത്യകാരന്മാരുടെ ജനന - മരണ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ ഡോക്യുമെന്ററി പുസ്തകപരിചയം ക്വിസ് ലഘു പ്രഭാഷണം ജീവചരിത്രക്കുറിപ്പ് പതിപ്പ് നിർമ്മാണം പ്രദർശനം. | ആവശ്യാനുസരണം. (ഒക്ടോബർ നവംബർ) | SRG<br>ക്ലാസ്സ് ടീച്ചർ<br>CPTA. | |
| കലകൾ പാരമ്പര്യവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയാൻ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ്സ്മുറിയിലേക്ക് കലാവതരണം. കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങളുടെ പ്രദർശനം. | (വർഷത്തിലൊന്ന്) നവംബർ മുതൽ ജനുവരി വരെ | HM<br>SRG<br>CPTA<br>Class Teacher | PTA |
| സർഗോത്സവം. ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗശേഷികളുടെ പ്രദർശനം. | വർഷത്തിലൊരിക്കൽ ഫെബ്രുവരി. | HM<br>SRG<br>CPTA<br>Class Teacher. | PTA. |

# ഗണിതം

Std IV

## യൂണിറ്റ് 1 Lines and Shapes

വിവിധ രൂപങ്ങളും അവയുടെ പ്രത്യേകതകളും പഠിക്കേണ്ട ഒരു പാഠഭാഗം ആണ് ഇത്. അതിന്റെ പ്രവേശക പ്രവർത്തനമായി ദൈനംദിന ജീവിതത്തിൽ ചുറ്റുപാടും കാണുന്ന ഓരോ വസ്തുവിന്റെയും രൂപങ്ങളും അവയുടെ പ്രത്യേകതകളും തിരിച്ചറിയാൻ ഒരു പ്രവർത്തനമാണ് ആദ്യം നൽകിയത്. മുൻ അറിവ് പരിശോധന ഇതിലൂടെ സാധ്യമായി. പാഠഭാഗത്തിലേയ്ക്ക് കടന്ന് ആദ്യ രണ്ടാഴ്ചകളിലായി ഓരോ രൂപങ്ങളും അതിന്റെ പ്രത്യേകതയും പഠിക്കാൻ പലതരം ചിത്രങ്ങൾ ചതുരം, ത്രികോണം വൃത്തം എന്നിവ ഉൾപ്പെടുത്തി വരച്ചു. സ്കെയിൽ ഉപയോഗിച്ച് കൃത്യമായി അളവ് എടുത്ത് വരയ്ക്കാനും പരിശീലിച്ചു. പേപ്പർ രൂപങ്ങൾ മത്സ്യത്തിന്റെ രൂപത്തിൽ നിർമ്മിച്ചു. ഇതരത്തിൽ മത്സ്യത്തെയും രൂപങ്ങൾ ഉപയോഗിച്ച് നിർമ്മിച്ചു.

രൂപങ്ങളുടെ അളവുകൾ കൂടുതൽ വ്യത്യസ്ത രൂപങ്ങൾ ടാൻഗ്രാം എന്നിവ അടുത്ത ആഴ്ചകളിൽ ചെയ്യേണ്ടതുണ്ട്.

ഇംഗ്ലീഷ് Std.IV

## യൂണിറ്റ് 1 Beyond fear

ബലം, ധൈര്യം, നേതൃത്വം എന്നിങ്ങനെ വിവിധ ആശയങ്ങൾ കുട്ടികളിൽ എത്തിക്കാൻ ഉതകുന്ന ഒരു പാഠഭാഗമാണ് "Beyond fear".

പുസ്തകത്തിൽ പ്രവേശകപ്രവർത്തനമായി നൽകിയിട്ടുള്ള ചിത്രത്തെക്കുറിച്ച് ഓരോ കുട്ടികളെക്കൊണ്ടും അവരുടെ ആശയം പറയിച്ചു. ശേഷം ഗ്രൂപ്പ് ചർച്ചയും അവതരണവും ഉണ്ടായിരുന്നു. കുട്ടികളുടെ എഴുത്ത് മെച്ചപ്പെടുത്താൻ ഇംഗ്ലീഷ് പകർത്ത് ബുക്കിൽ cursive writting എഴുതി തുടങ്ങി. രണ്ടാം ആഴ്ചയിൽ പാഠഭാഗം ഓരോ കുട്ടിയും വ്യക്തിഗതമായി വായിച്ചു. അധ്യാപികയുടെ സഹായത്തോടെ voice modulation ൽ വായിക്കാൻ പരിശീലിപ്പിച്ചു. പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി. അവർക്കുള്ള പിന്തുണാ പ്രവർത്തനങ്ങൾ ആണ് രണ്ടാം ആഴ്ചയ്ക്ക് ശേഷം ആരംഭിക്കുന്നത്. വരും ദിവസങ്ങളിൽ ക്ലാസിൽ മികവ് പുലർത്തുന്ന കുട്ടികളുടെ സഹായം പിന്നോക്കം നിൽക്കുന്നവർക്ക് ലഭിക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.

എസ്. എൻ. വി. ടി. ടി. ഐ കാക്കാഴം

ഇംഗ്ലീഷ്

അക്കാദമിക മാസ്റ്റർ പ്ലാൻ

നാലാം ക്ലാസ്

2025-26

# അക്കാദമിക മാസ്റ്റർ പ്ലാൻ (ഇംഗ്ലീഷ്) 2025-26

## ലക്ഷ്യം

- നാലാം ക്ലാസിലെ വിദ്യാർത്ഥികൾക്ക് ഭാഷയിൽ സമഗ്രവും ആസ്വാദ്യകരവുമായ പഠനം ഉറപ്പാക്കുക.
- ഓരോ കുട്ടിയുടെയും വ്യക്തിഗത കഴിവുകൾ തിരിച്ചറിഞ്ഞ് അവ പരിപോഷിപ്പിക്കുക.

## പൊതു തത്വങ്ങൾ:

- കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയും ഉള്ള പഠനം.
- സർഗ്ഗാത്മകതയ്ക്കും സ്വയം പഠനത്തിനും പ്രാധാന്യം.
- സാമൂഹികവും പാരിസ്ഥിതികവുമായ അവബോധം വളർത്തൽ
- സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം
- കുടുംബത്തിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തം.

# വിരിയുന്ന ചിന്തകൾ - ഇംഗ്ലീഷ് ഭാഷാ പഠനം

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് അസംബ്ലി<br>അസംബ്ലി ചേരൽ നിയന്ത്രണം കുട്ടികൾക്ക് | ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതാനും ശേഷി മെച്ചപ്പെടൽ | ജൂൺ മുതൽ അക്കാദമിക വർഷം മുഴുവൻ മാസത്തിൽ | ക്ലാസ് ടീച്ചർ. | |
| ഇംഗ്ലീഷ് ഡയറി | തെറ്റുകൾ കുറച്ച് ഓരോ ദിവസവും മെച്ചപ്പെടുത്തി തെറ്റില്ലാത്ത ഇംഗ്ലീഷ് ഭാഷ എഴുത്ത് | ജൂലൈ മുതൽ | ക്ലാസ് ടീച്ചർ | |
| ക്ലാസ് തല പ്രവർത്തനങ്ങൾ ദിനാചരണങ്ങൾ കുറിപ്പ് തയ്യാറാക്കൽ | സർഗാത്മകമായി ഇംഗ്ലീഷ് ഭാഷയിൽ സ്വന്തം രചനകൾ നിർമ്മിക്കൽ | ആഗസ്റ്റ് മുതൽ | ക്ലാസ് ടീച്ചർ രക്ഷകർത്താവ്. | SMC |
| ഇംഗ്ലീഷ് തിയേറ്റർ | സർഗാത്മകതാ പരിപോഷണം | സെപ്റ്റംബർ | ക്ലാസ് ടീച്ചർ | SMC |

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ. (Skit, Drama, Conversation, Story telling) | സർഗാത്മകത പരിപോഷണം | മാസത്തിൽ ഒന്ന് ഒക്ടോബർ മുതൽ | ക്ലാസ് ടീച്ചർ | SMC |
| ഇംഗ്ലീഷ് മാഗസിൻ | സർഗാത്മകത, രചനാശേഷി വികസനം | ഡിസംബർ | ക്ലാസ് ടീച്ചർ. | PTA |
| * ഇംഗ്ലീഷ് കയ്യെഴുത്ത് * സ്കൂൾ വിശേഷദിവസങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാടുകൾ | ഇംഗ്ലീഷ് ഭാഷയിൽ രചനാ മികവ് | ജനുവരി | ക്ലാസ് ടീച്ചർ. | PTA |
| ഇംഗ്ലീഷ് കോർണർ വായനാ മൂല ഒരുക്കൽ വായനാ വേള ഒരുക്കൽ വായനാ കുറിപ്പ് | വായനാപരിപോഷണം | ഫെബ്രുവരി | ക്ലാസ് ടീച്ചർ | രക്ഷകർത്താക്കൾ |
| * ഇംഗ്ലീഷ് ഫെസ്റ്റ് വായനാ മത്സരം രചനാ മത്സരം സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം. | ഇംഗ്ലീഷ് പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിൽ എത്തിക്കൽ | മാർച്ച് | ക്ലാസ് ടീച്ചർ SRG, SMC | PTA |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## സാമൂഹ്യശാസ്ത്രം - യു.പി. തലം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 1) വിദ്യാർത്ഥികളുടെ ചരിത്രാവബോധം ഉണർത്തി വളർത്തിയെടുക്കുക | 1) Virtual Field Trip<br>ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | ജൂൺ അവസാന വാരം . | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| | 2) ചരിത്ര സ്മാരക സന്ദർശനം.<br>കല്ലറക്കൂടുകൾ, [illegible] [illegible] [illegible], മ്യൂസിയങ്ങളിൽ സന്ദർശിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | ജൂലൈ അവസാന വാരം | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |

| | | | |
|---|---|---|---|
| c) സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധിപ്പിച്ച് സ്കൂളിലെ നിർധനരായ കുട്ടികളെ കണ്ടെത്തി സഹായിക്കുന്നതിന് കുട്ടികളെ പ്രോത്സാഹിപ്പിച്ച് സഹജീവികൾക്ക് ആശ്വാസമാകുന്നു. | നിരീക്ഷണ പഠനം. | സാമൂഹ്യ ശാസ്ത്ര അധ്യാപകർ. |
| e) പ്രകൃതി ദുരന്തങ്ങളെ കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ പ്രാപ്തരാക്കുന്നു. | ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ തുടങ്ങിയവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ ഭീകരതയെ കുറിച്ച് മനസ്സിലാക്കുകയും അതിജീവന ഉപാധികളുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ പ്രാപ്തരാക്കുകയും ചെയ്യുന്നു. | [illegible] | സാമൂഹ്യ ശാസ്ത്ര അധ്യാപകർ. |

| | | | |
|---|---|---|---|
| സാമൂഹ്യശാസ്ത്ര പഠനത്തിലൂടെ പഠി-താക്കളെ ഉന്നത-ഭാവിയിലെ നിലവാ-രത്തിലേക്ക് എത്തി-ക്കുന്നു. | സിവിൽ സർവ്വീസ് പരീക്ഷകളെയുമാൽ പോലീസ് ഒരും വിശാ ലതയുടെ മാസ്മരിക ലോകം സൃഷ്ടിക്കുന്നു, സൗന്ദര്യത്തിലൂടെ ചെറുപ്പത്തെ വളർത്താൻ സഹായിക്കുന്നു ഇന്നത്തെ-ക്ക് നിമിഷങ്ങൾ കൊണ്ടുള്ള തിരിച്ചുള്ള ചോദ്യങ്ങളെ ഭേദ-ഗത്തി ക്ലാസുകൾ എന്നിവ സംഘടി-പ്പിക്കുന്നു. | ഭരണാധിപ വർഗം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ. |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

| പഠനപ്രവർത്തനങ്ങൾ | ചുമതല | കാലയളവ് | സാമ്പത്തികം |
|---|---|---|---|
| → അടിസ്ഥാന ഗണിതവസ്തുതകൾ പരിശോധിക്കുന്നു.<br>→ ചതുഷ്ക്രിയകൾ ഉറപ്പിക്കാൻ സങ്കലനം, വ്യവകലനം, ഗുണനം, ഹരണം എന്നിവ ഉപയോഗിച്ചുള്ള പ്രശ്നങ്ങൾ നൽകുന്നു.<br>→ ജ്യാമിതിപ്പെട്ടി, ജിയോജിബ്ര, J. ഫ്രാക്ഷൻ ലാബ്, ഫ്രാക്ഷൻ വിസ്റ്റ് തുടങ്ങിയവ പരിചയപ്പെടുത്തുന്നു. | ഗണിത അധ്യാപകർ | ജൂൺ മാസം | ഗണിതക്ലബ്ബ് |
| → പ്രൊട്രാക്ടർ നിർമ്മാണം<br>→ വിവിധ ജ്യോമെട്രിക്കൽ പാറ്റേണുകൾ വരക്കുന്നു.<br>→ ആൽബം തയ്യാറാക്കുന്നു.<br>→ ICT സാധ്യത ഉപയോഗപ്പെടുത്തി വൃത്തം, കോണുകൾ, സമാന്തരരേഖകൾ എന്നിവയുടെ ചിത്രം വരക്കുക.<br>→ ഭിന്നസംഖ്യകളുടെ വിശദീകരണം, വീട്ടിലെ ഗണിതാശയങ്ങൾ ഉൾപ്പെടുത്തി ക്ലാസ്സ് തല സെമിനാർ | ജൂലായ്<br>ഗണിത അധ്യാപകർ | ജൂലായ് | |

| | | | |
|---|---|---|---|
| → മഞ്ജുൾ ഭാർഗവ് ജന്മദിനം ഗണിത നോബൽ എന്നറിയപ്പെടുന്ന ഫീൽഡ് മെഡൽ ലഭിച്ച ഗണിത ശാസ്ത്രജ്ഞൻ<br>→ അസംബ്ലി (Aug 8)<br>→ മനക്കണക്ക് മത്സരം<br>→ ഒറിഗാമി, ടാൻഗ്രാം നിർമ്മാണം പ്രദർശനം | ഗണിത ക്ലബ്ബ് | ആഗസ്റ്റ് | ഗണിത ക്ലബ്ബ് |
| → 5, 6, 7 ക്ലാസുകളിലെ ഗണിതാശയങ്ങൾ ഉൾപ്പെടുത്തി വിവിധ പഠനോപകരണങ്ങളുടെ നിർമ്മാണവും പ്രദർശനവും. | ഗണിത അധ്യാപകർ | സെപ്റ്റംബർ | ഗണിത ക്ലബ്ബ് |
| → വിവിധ കോണുകൾ, വട്ടം, പ്രൊട്രാക്ടർ, ക്ലോക്ക്, സംഖ്യാരേഖ അവയുടെ ഫ്ലോ ചാർട്ട് | ഗണിത അധ്യാപകർ | ഒക്ടോബർ | ഗണിത അധ്യാപകർ |
| → ശകുന്തളാദേവി ജന്മദിനം (Nov 4)<br>സ്പെഷ്യൽ അസംബ്ലി (പ്രഭാഷണം) | ഗണിത അധ്യാപകർ | നവംബർ | |
| → ദേശീയ ഗണിതശാസ്ത്രദിനം<br>→ രാമാനുജൻ ദിനം } ഡിസംബർ 22 | ഗണിത അധ്യാപകർ | ഡിസംബർ | ഗണിത ക്ലബ്ബ്. |
| → അന്തർദേശീയ ഗണിതശാസ്ത്രദിനം<br>→ പൈ ഡേ } മാർച്ച് 14 | ഗണിത അധ്യാപകർ | മാർച്ച് | ഗണിത ക്ലബ്ബ്. |

## അക്കാദമിക മാസ്റ്റർ പ്ലാൻ

Neethu
Science

### മേഖല - അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ചിലവ് |
|---|---|---|---|---|
| • നിരീക്ഷണ പാടവം<br>• പരിസ്ഥിതി സംരക്ഷണം | പരിസ്ഥിതിദിനം - Poster നിർമ്മാണം. പരിസ്ഥിതിദിന റാലി. Painting competition Quiz | ജൂൺ - 5 | Eco-club | |
| • പരസ്പര സഹകരണം | വീടുകളിൽ നിന്ന് വൃക്ഷത്തൈകൾ കൊണ്ടുവന്ന് പരസ്പരം കൈമാറുന്നു | | | |
| • ഭക്ഷണത്തെയും പോഷകാഹാരത്തെയും കുറിച്ചും വിമർശനാത്മകമായി ചിന്തിക്കുന്നു | ആരോഗ്യമേഖലയിലെ (Doctor, dietician) എന്നിവരെക്കൊണ്ട് ബോധവത്കരണ ക്ലാസ് (food for health) | ജൂൺ 3-ാം ആഴ്ച | Science club | |

| | | | |
|---|---|---|---|
| ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക. | സയൻസ് club ന്റെ ആഭിമുഖ്യത്തിൽ ചാന്ദ്രദിന പ്രവർത്തനങ്ങൾ കുട്ടികൾക്ക് നൽകുന്നു. | July മൂന്നാം വാരം | Science club |
| * അത്തപ്പൂക്കളുമായി ബന്ധപ്പെട്ട് ജൈവകൃഷി<br>* നിരീക്ഷണം, വിവരശേഖരണം എന്നിവയിലൂടെ പുഷ്പം പച്ചക്കറി എന്നി കൃഷികളെക്കുറിച്ച് ധാരണ നേടുന്നതിന്.<br>പങ്കാളിത്ത മനോഭാവം | ഉദ്യാന നിർമ്മാണം | ജൂലൈലെ അവസാനം<br>ഓഗസ്റ്റ് | സയൻസ് ക്ലബ്, eco-cl<br>Science-club and eco club. |

മാസ്റ്റർ പ്ലാൻ

അറബി (UP)

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ സംവിധാനം |
|---|---|---|---|---|
| ലോകഭാഷകളിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്ന അറബി ഭാഷ പഠിക്കാനും ഒഴുക്കോടെ സംസാരിക്കാനുമുള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക.<br>കഴിഞ്ഞ വർഷം ലക്ഷ്യം വെക്കുന്ന അറബി ഭാഷ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിൽ ഉറപ്പ് വരുത്തുക.<br>വായനയിലൂടെയും എഴുത്തിലൂടെയും ഭാഷ ശേഷി വർധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ്സ് മുറികളിൽ ഒരുക്കുക.<br>പദസമ്പത്ത് വർധിപ്പിക്കുക.<br>അറബി ഭാഷ ആശയങ്ങളും പദങ്ങളുടെ അർത്ഥങ്ങളും കുട്ടികളിലേക്ക് എത്തിക്കുക.<br>ഗൾഫ് മേഖലയിൽ കുട്ടികൾ ജോലി നേടുന്നതിന് വേണ്ടി കഴിവ് വളർത്താനുള്ള സാഹചര്യം ഒരുക്കുക | വികസിതന്റെ വഴിയിൽ<br>ലൈബ്രറി ക്ലാസ്സ് മുതൽ ഭാഷ ശേഷി കൂടെ വളർച്ചക്ക് ഉറപ്പ് വരുത്തുക.<br>മുന്നറിവ് പരിശോധിക്കൽ<br>അക്ഷരങ്ങൾ ഉറപ്പിക്കൽ<br>വാചകങ്ങൾ നിർമ്മിക്കാൻ ശീലിക്കൽ<br>വായന മത്സരം<br>വായനാദിനത്തിൽ ക്ലാസ്സ് തല വായനമത്സരം ക്വിസ് മത്സരം വരെ ഉണർവ് നടത്തുക.<br>ക്ലാസ്സ് ലൈബ്രറി.<br>എഴുത്ത്<br>പതിപ്പുകളുടെ നിർമ്മാണം.<br>വായന കുറിപ്പ് തയ്യാറാക്കൽ.<br>മാഗസിൻ തയ്യാറാക്കൽ<br>ക്ലാസ്സ് തലം സ്കൂൾ തലം<br>അറബിക് ക്ലബുകൾ നടത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ<br>വർക്ക്ഷീറ്റുകൾ<br>മാഗസിൻ<br>പുസ്തകങ്ങൾ<br>അക്ഷരമാല<br>ചാർട്ടുകൾ | അറബിക് ടീച്ചർ |

യു.പി. മലയാളം

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26.

| Sl.no | ലക്ഷ്യം / പ്രവർത്തനങ്ങൾ | പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് | പിന്തുണ സംവിധാനം |
|---|---|---|---|---|---|
| 01. | ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ (മലയാളത്തിളക്കം). | 1. Pre test (2-6-17)<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അക്ഷരമാല ഉറപ്പിക്കൽ<br>4. അക്ഷരകാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക.<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം അടിക്കുറിപ്പ്<br>9. ചിത്രം കഥയെഴുതൽ<br>10. കഥ പൂർത്തീകരിക്കുക.<br>11. ഭാഷാപരമായ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ്. | മലയാളം അധ്യാപകർ | 2 മാസം (August സെപ്റ്റംബർ)<br>ഭൗതികം:<br>പുസ്തകങ്ങൾ | BRC<br>DIET<br>PTA<br>IED Trainer<br>മലയാളം ക്ലബ്ബ്. |
| 02. | കുട്ടികളെ മികച്ച വായനക്കാരാക്കുക. | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. വായനമൂല, ക്ലാസ് ലൈബ്രറി രൂപീകരിക്കൽ<br>3. സമീപ ഗ്രന്ഥശാല അംഗത്വം<br>4. വായനാമത്സരം സംഘടിപ്പിക്കൽ<br>5. പത്രവായന | | | |

| | | | | | | |
|---|---|---|---|---|---|---|
| | | 6. പുസ്തകചർച്ച<br>7. വായനാനുഭവം പങ്കുവയ്ക്കൽ<br>8. വായനക്കുറിപ്പ്, പതിപ്പ്<br>9. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>10. ക്ലാസ് സഭ<br>11. ദിനാചരണങ്ങൾ<br>12. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>13. വായനാസാമഗ്രികൾ വികസിപ്പിക്കൽ<br>14. ഇ-വായന | മലയാളം അധ്യാപകർ | [illegible]<br>[illegible] | ക്ലാസ് ലൈബ്രറി<br>ഗ്രന്ഥശാല<br>പത്രങ്ങൾ<br>ആനുകാലിക പ്രസിദ്ധീകരണങ്ങൾ<br>വായനമൂല<br>ഇന്റർനെറ്റ് | BRC<br>DIET<br>ഗ്രന്ഥശാല<br>PTA |
| 3. | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1. എഴുത്തുകൂട്ടം രൂപീകരണം.<br>2. പുസ്തകചർച്ച<br>3. ക്ലാസ് ലൈബ്രറി.<br>4. വായനക്കുറിപ്പ് പതിപ്പ്<br>5. യാത്രാവിവരണം തയ്യാറാക്കൽ<br>6. വിവിധ സാഹിത്യരൂപങ്ങൾ പരിചയപ്പെടൽ<br>7. മാഗസിൻ, ചുമർപത്രിക, പതിപ്പ് തയ്യാറാക്കൽ<br>8. വായനക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്<br>9. പൊതുവേദികളിൽ സംസാരിക്കുവാനുള്ള കഴിവ്.<br>10. വ്യക്തിഗതരചന, സംഘരചന.<br>11. ഭാഷാ [illegible]<br>12. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം.<br>13. സാഹിത്യആൽബം തയ്യാറാക്കൽ | മലയാളം അധ്യാപകർ | [illegible] | ലൈബ്രറി<br>പുസ്തകങ്ങൾ<br>ജീവചരിത്ര പുസ്തകങ്ങൾ<br>ഗ്രന്ഥശാല<br>ചെറുകഥ പുസ്തകങ്ങൾ | BRC<br>DIET<br>PTA<br>Teachers |

# Academic Master plan

## English (U.P)

| ...s | Activities | Duration | Duty | Finance |
|---|---|---|---|---|
| Improve listening skill | → Listening to poems (ICT)<br>→ English News channels and Radio.<br>→ Skit and Conversation.<br>→ Watching English Movies, Documentary, Interviews.<br>→ Listening to phonetic Sounds. | June to August | English teachers. | |
| 2) To improve Speaking skill. | → English Day<br>→ English Assembly<br>→ Game Instructions<br>→ Skit and Conversation.<br>→ Speech on different topics.<br>→ conducting Short Seminars group discussion etc. | August to. October. | English teachers. | |

| | | | | |
|---|---|---|---|---|
| 3) To Improve reading skill | → using the library books.<br>→ English reading competition<br>→ Newspaper reading.<br>→ picture reading.<br>→ journals of great personalities. | November to December | English teachers. | |
| 4) To Improve writing skill. | → Wall magazines and News paper preparation.<br>→ story writing<br>→ Diary Writings<br>→ poster making<br>→ Script writing.<br>→ Composing choreography.<br>→ Editing different discourses. | December to March | English teachers. | |

(ഹിന്ദി)

[illegible]

[illegible]

1 സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഉപയോഗിച്ച് ആശയവിനിമയം, വായിക്കാനും, സംസാരിക്കാനും ഉള്ള കഴിവ് വളർത്തിയെടുക്കുക.

2 ഭാഷ ആസ്വദിച്ചും പഠിക്കാവുന്ന പഠനപ്രവർത്തനങ്ങൾ എല്ലാ കുട്ടികൾക്കും കിട്ടി എന്ന് ഉറപ്പാക്കുക.

3 ഹിന്ദി ഭാഷാ പഠനം ലളിതവും രസകരവും ആസ്വാദ്യകരവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

4 ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികളുടെ ഭാഷാശേഷിയും, ആത്മവിശ്വാസവും, വളർത്തിയെടുക്കുക.

5 പിന്നോക്ക കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ ഉറപ്പാക്കുന്നു.

6 സുരീലി ഹിന്ദി, കുട്ടിയുടെ ഒപ്പം പദ്ധതിയുടെ പ്രവർത്തനത്തിലൂടെ ഭാഷാ പഠനം മെച്ചപ്പെടുത്തി ലളിതമാക്കാൻ ഉറപ്പാക്കുക.

7 പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക്

8 ഹിന്ദി ഇഷ്ടപ്പെടാനും, അക്ഷരങ്ങളുടെ പരിചയപ്പെടാനും അവസരം ഒരുക്കുക. പരിചയപ്പെടുത്തുക.

9 തെറ്റുകൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശീലനം ചെയ്യും

10 5,6,7 ക്ലാസ് അക്ഷരബോധം ഉറപ്പിക്കൽ.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | സാമഗ്രി |
| --- | --- | --- | --- |
| അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുന്നു. അക്ഷരങ്ങൾ എഴുതാനും, വായിക്കാനും, കേൾക്കാനും പഠിപ്പിക്കുന്നു.<br>ആഴ്ചകൾ, പേരുകൾ, എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു.<br>പക്ഷികളുടെ പേരുകൾ, പക്ഷികളുടെ പേരും, ചിത്രം കാണിച്ച് ആശയം തയ്യാറാക്കാൻ ചിത്രവിവരണം, നിറംകൊടുക്കാൻ, നിറങ്ങൾ തിരിച്ചറിയാനുള്ള പ്രവർത്തനങ്ങൾ. ഉത്തരവാക്കുകൾ തിരിച്ചറിയാനും. അർത്ഥം മനസ്സിലാക്കാനും ഉള്ള പ്രവർത്തനങ്ങൾ. ചിത്രങ്ങൾ കണ്ട് കോളം പൂരിപ്പിക്കുക. | അക്ഷരമാല തുടങ്ങിയ കാർഡ് നൽകുന്നു. അക്ഷരങ്ങൾ ഉറക്കെ വായിക്കുന്നു. ഓഡിയോ വീഡിയോ സഹായത്തോടെ ഉച്ചാരണം കൃത്യതയോടെ പരിചയപ്പെടുത്തുന്നു. കുട്ടികൾക്ക് പങ്കെടുക്കാവുന്ന പ്രവർത്തനങ്ങൾ ഉപയോഗപ്പെടുത്തുന്നു. | ഒന്നാം<br>ജൂൺ<br>ജൂലൈ | ഹിന്ദി [illegible] |
| | ക്ലാസ്സിലെ ഓരോ വിദ്യാർത്ഥിയുടെയും ജനനത്തീയതി, പേര്, ക്ലാസ്, സ്കൂളിന്റെ പേര്, ജില്ലയുടെ പേര് ഹിന്ദിയിൽ എഴുതുവാൻ പഠിപ്പിക്കുന്നു. വർക്ക്ഷീറ്റുകൾ നൽകുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. | മധ്യകാലം<br>ഓഗസ്റ്റ്<br>സെപ്റ്റംബർ | |
| ഹിന്ദി അനായാസം എഴുതുവാനും. വായിക്കുവാനും പരിശീലിപ്പിക്കുന്നു. വായനാ പരിശീലനത്തിന് അധിക (2) പ്രാധാന്യം നൽകുന്നു. ആഴ്ച, ദിനാചരണങ്ങളും. വിശേഷദിവസങ്ങൾ ഒപ്പം ആഘോഷിക്കുന്നു. കാർട്ടൂൺ, ചിത്രകഥ, എന്നിവ വായിച്ച് ആശയം മനസ്സിലാക്കുവാൻ കഴിയുന്നു. | കേട്ടെഴുത്ത്, പദശൃംഖല, [illegible] എന്നിവ നൽകുന്നു. ചിത്രകഥകൾ, കാർട്ടൂൺ, ചെറുകവിതകൾ തുടങ്ങിയവ വായനക്കായി നൽകുന്നു. | ഒക്ടോബർ<br>നവംബർ | ഹിന്ദി [illegible] |

| | | | |
|---|---|---|---|
| ഡയറി എഴുതുവാനുള്ള പ്രവർത്തനം. കഥ പൂർത്തീകരിക്കൽ. കവിത പൂർത്തീകരിക്കൽ | എല്ലാ ദിവസവും ഡയറി എഴുതുവാൻ നിർദ്ദേശം നൽകുക. പദസൂചകങ്ങളുടെ സഹായത്തോടെ കവിത പൂർത്തീകരിക്കുക. | | |
| ഹിന്ദി എഴുതുവാനും. വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുന്നോട്ട് കൊണ്ടുവരാനുള്ള പ്രവർത്തനങ്ങൾ. കൂടുതൽ പ്രവർത്തനങ്ങൾ നൽകി പരിശീലിപ്പിക്കുന്നു. | വർക്ക് ഷീറ്റുകൾ നൽകുന്നു. ചിത്രങ്ങളുടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു. കുട്ടിടീച്ചർ പദ്ധതി പ്രവർത്തനങ്ങൾ നൽകാറുണ്ട്. ചാർട്ടുകൾ പ്രദർശിപ്പിക്കുക. ചിത്രങ്ങൾക്ക് നിറങ്ങൾ കൊടുക്കുക. | ജൂൺ, ജൂലൈ | |
| നാമം, സർവ്വനാമം, വിശേഷണം. എന്നിവ മനസ്സിലാക്കുന്നു. പോസ്റ്റർ നിർമ്മാണം. ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ക്ലാസുകൾ നൽകുന്നു. ചെറിയ, ചെറിയ വാക്യങ്ങൾ നിർമ്മിക്കൽ. ചെറിയ ചെറിയ ഹിന്ദി വാക്കുകൾ പരസ്പരം സംസാരിക്കാനുള്ള അവസരം നൽകുന്നു. | ചാർട്ടുകൾ നൽകുന്നു, അതിൽ നിന്നും നാമങ്ങൾ, സർവ്വനാമങ്ങൾ തിരിച്ചറിയൽ, കണ്ടെത്താൻ പറയുന്നു. കവിതകളും, കഥകളും പൂരിപ്പിക്കുവാൻ നൽകുന്നു. സൂചനാ ബോർഡുകൾ എഴുതി ക്ലാസിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു. | ഓഗസ്റ്റ് സെപ്റ്റംബർ | |
| ഹിന്ദി വാരാഘോഷ സമയത്ത് കുട്ടികളുടെ വിവിധ പരിപാടികൾ ഉൾപ്പെടുത്തുക. കുട്ടികളുടെ രചന ചെയ്യിപ്പിക്കുന്നതിന് ഇന്നിലെ കഴിവുകളോടെ പ്രവർത്തനങ്ങൾ ചെയ്യുക. മുന്നൊരുക്കത്തോടെ, അവതരിപ്പിക്കുന്നത് ഉപയോഗിച്ച് കൂടുതൽ വരി വായിക്കണം. | പദ്യം ചൊല്ലൽ, കഥ, കവിത പോസ്റ്റർ നിർമ്മാണം. ചെറിയ ചെറിയ സംഭാഷണങ്ങൾ പരസ്പരം സംസാരിക്കാനുള്ള അവസരം നൽകുക. സുരീലി ഹിന്ദി പ്രവർത്തനങ്ങൾ, കുട്ടിടീച്ചർ പദ്ധതിയിലെ പ്രവർത്തനങ്ങൾ, ലൈബ്രറിയിൽ വായനക്കുള്ള അവസരങ്ങൾ. | നവംബർ ജനുവരി | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

| | പ്രവർത്തനങ്ങൾ | കാലയളവ് | ക്ലാസ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| 1 | ലഹരി ഉപയോഗത്തിനെതിരെ അവബോധം സൃഷ്ടിക്കാൻ പോസ്റ്ററുകൾ | ജൂൺ 3 | 6,7 | ഹിന്ദി അധ്യാപകർ ഹിന്ദി ക്ലബ്ബ് | ലഹരി ഉപയോഗത്തിനെതിരെ പ്രവർത്തിക്കാൻ കുട്ടികളെ തയ്യാറാക്കൽ |
| 2 | റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ട്രാഫിക് നിയമങ്ങൾ എന്നിവയെ കുറിച്ച് അറിവുകൾ നൽകുന്നു. | ജൂൺ 4 | 6,7 | ഹിന്ദി അധ്യാപകർ മലയാളം അധ്യാപകർ, ഹിന്ദി ക്ലബ്ബ് | റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ട്രാഫിക് നിയമങ്ങൾ എന്നിവ മനസ്സിലാക്കുന്നു |
| 3 | പരിസ്ഥിതി ദിനം | ജൂൺ 5 | 6,7 | ഹിന്ദി അധ്യാപകർ ഹിന്ദി ക്ലബ്ബ് | വ്യക്തി ശുചിത്വം പരിസര ശുചിത്വം ഹരിത ചിന്തകൾ എന്നിവയെക്കുറിച്ച് |
| 4 | വായനാദിനം<br>ക്ലാസിലെ ഹിന്ദി ക്ലബ്ബ് രൂപീകരണം | ജൂൺ 19 | 5,6,7 | ,, | |
| 5 | ലഹരിവിരുദ്ധദിനം, ലഹരി ഉപയോഗത്തിനെതിരെ അവബോധം സൃഷ്ടിക്കാൻ കവിത | ജൂൺ 26 | 5,6,7 | ഹിന്ദി അധ്യാപകർ ഹിന്ദി ക്ലബ്ബ് | ലഹരി ഉപയോഗത്തിനെതിരെ പ്രവർത്തിക്കാൻ |
| 6 | പ്രേംചന്ദ് ജയന്തി<br>സ്വാതന്ത്ര്യദിനം<br>(സ്വാതന്ത്ര്യ ദിന പ്രവർത്തനങ്ങൾ) | ജൂലൈ 31<br>ആഗസ്റ്റ് 15 | 5,6,7 | ഹിന്ദി അധ്യാപകർ ഹിന്ദി ക്ലബ്ബ് | പ്രേംചന്ദിനെ കുറിച്ചറിയാനും ഹിന്ദിയിൽ രചനകൾ സൃഷ്ടിക്കാനും. |
| 7 | കുട്ടികളെക്കൊണ്ട് ഹിന്ദി പത്രിക തയ്യാറാക്കുക<br>ഹിന്ദി ദിനം | സെപ്റ്റംബർ 14 | 5,6,7 | ഹിന്ദി അധ്യാപകർ | ഹിന്ദിഭാഷയുടെ പ്രാധാന്യവും ആവശ്യവും. |
| 8 | ഗാന്ധിജയന്തി | ഒക്ടോബർ 2 | 5,6,7 | ഹിന്ദി അധ്യാപകർ ക്ലാസ് അധ്യാപകർ [illegible] അധ്യാപകർ PTA. രക്ഷിതാക്കൾ ഹിന്ദി ക്ലബ്ബ് | സ്കൂൾ പരിസരം വൃത്തിയാക്കുന്നു |
| 9 | ശിക്ഷാദിനം | November 11 | 5,6,7 | ഹിന്ദി അധ്യാപകർ ഹിന്ദി ക്ലബ്ബ് | [illegible] കുറിച്ചറിയാനും, ആഘോഷിക്കാനും, ഇന്ത്യയുടെ ആദ്യ വിദ്യാഭ്യാസ മന്ത്രിയെ കുറിച്ച് മനസ്സിലാക്കാനും സാധിക്കുന്നു |
| 10 | വിശ്വഹിന്ദി ദിനം, പോസ്റ്റർ നിർമ്മാണം, പ്രസംഗം | ജനുവരി 10 | 5,6,7 | ഹിന്ദി അധ്യാപകർ ഹിന്ദി ക്ലബ്ബ് | ഹിന്ദി ഭാഷയുടെ പ്രയോഗം വാക്യങ്ങളിലൂടെ പഠിക്കുന്നു. |